പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3542 10. 04. 2013- ലെ മറുപടി

പ്രവാസികളുടെ പുനരധിവാസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. പി.റ്റി.എ. റഹീം<br>ശ്രീ. ബി. സത്യൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) മറുനാട്ടുകളിൽ നിന്നും തിരികെ വരുന്ന പ്രവാസികളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) തിരുവനന്തപുരം സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് മുഖാന്തിരം നടത്തിയ കേരള മൈഗ്രേഷൻ സർവ്വേ 2011 റിപ്പോർട്ട് പ്രകാരം 2008 നെ അപേക്ഷിച്ച് മറുനാട്ടുകളിൽ നിന്നും തിരികെയെത്തിയ പ്രവാസികളുടെ എണ്ണം 2011 – ൽ കുറഞ്ഞതായിട്ടാണ് കാണുന്നത്. |
| (ബി) തിരികെയെത്തുന്നവരുടെ പുനരധിവാസത്തിന് നോർക്ക മുഖാന്തിരം പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദമാക്കുമോ; | (ബി) തിരികെയെത്തിയ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസി മലയാളികൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യമായ ധനസഹായവും ലഭ്യമാക്കുന്നതിന് വേണ്ടി ഒരു സഹായകകേന്ദ്രമായി പ്രവർത്തിച്ച് വിജയകരമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് മൂലധന സബ്സിഡി വഴി സർക്കാർ സഹായം ലഭ്യമാക്കുന്നതിനായി പ്രവാസി പുനരധിവാസ പദ്ധതി കെ.എഫ്.സി, എസ്.ബി.റ്റി. , കെ. എസ്. എഫ്. ഇ., കെ. എസ്. ഐ. ഡി. സി., എന്നീ സ്ഥാപനങ്ങൾ മുഖേന നടപ്പിൽ വരുത്തുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ട്.പരമാവധി 20 ലക്ഷം രൂപ വരെയുള്ള |

| | |
|---|---|
| | പ്രോജക്ടുകൾക്ക് പരമാവധി 10% മൂലധന സബ്സിഡി യാണ് നൽകാൻ തീരുമാനമായിട്ടുള്ളത്. |
| (സി)മടങ്ങിയെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിന് 2012-13 ബജറ്റിൽ വകയിരുത്തിയ തുക എത്രയായിരുന്നു; നിർവ്വഹിക്കപ്പെട്ട പുനരധിവാസം എന്തായിരുന്നു; പ്രസ്തുത സ്കീമിനെക്കുറിച്ച് വിശദമാക്കാമോ; | (സി) 2012-13 ബജറ്റിൽ ഈ ആവശ്യത്തിനായി ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം രണ്ട് കോടി രൂപയാണ് വകയിരുത്തിയിരുന്നത്. പദ്ധതി നടപ്പിൽ വരുത്താനുള്ള അന്തിമ രൂപരേഖ തയ്യാറാക്കി ഭരണാനുമതി നൽകിക്കഴിഞ്ഞു. പദ്ധതി നിർവഹണം ആരംഭിച്ചിട്ടേയുള്ളൂ. |
| (ഡി)മടങ്ങിയെത്തിയവരിൽ പുനരധിവാസം ആവശ്യമായിട്ടുള്ള എല്ലാവർക്കും പദ്ധതി നടപ്പാക്കാൻ എത്ര തുക വേണ്ടിവരുമെന്ന് കണക്കാക്കുന്നു; | (ഡി) സൗദി അറേബ്യ ഉൾപ്പെടെയുള്ള ഗൾഫ് രാജ്യങ്ങളിൽ നിന്നും മറ്റ് വിദേശരാജ്യങ്ങളിൽ നിന്നും മടങ്ങിയെത്തുന്ന പ്രവാസികൾക്ക് സമഗ്രമായ ഒരു പുനരധിവാസ പദ്ധതി രൂപീകരിക്കുന്നതിനായി ഒരു ക്യാബിനറ്റ് സബ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പുനരധിവാസം ആവശ്യമായിട്ടുള്ള എല്ലാ പേർക്കും പദ്ധതി നടപ്പാക്കാൻ വേണ്ടിവരുന്ന തുകയുടെ കണക്ക് തയ്യാറാക്കിയിട്ടില്ല. |
| (ഇ) 2013-14 ൽ എത്ര തുകയുടെ ബജറ്റ് അടങ്കൽ ഉണ്ടെന്ന് വ്യക്തമാക്കുമോ ? | (ഇ) 2013 ലെ സംസ്ഥാന ബഡ്ജറ്റിൽ ഈ ആവശ്യത്തിനായി 2.97 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ